തിരുവനന്തപുരം ഗവ. ഹോമിയോ മെഡിക്കൽ കോളേജിലെ തസ്തികകൾ

64 (6220) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവ.ഹോമിയോ മെഡിക്കൽ കോളേജിൽ നഴ്സിംഗ് സൂപ്രണ്ട്, സ്റ്റോർ കീപ്പർ എന്നീ തസ്തികകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹെഡ്ക്വാർട്ടേഴ്സ് മെഡിക്കൽ കോളേജായ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രസ്തുത തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഹോമിയോ കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണവും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

65 (6221) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ ഹോമിയോ കോളേജുകളിൽ അദ്ധ്യാപകരുടെ എണ്ണവും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ബി) ഹോമിയോ ഡിഗ്രി കോളേജുകളിൽ 43 അദ്ധ്യാപകർ വേണമെന്നിരിക്കേ തിരുവനന്തപുരം വിദ്യാധിരാജ ഹോമിയോ കോളേജിൽ 30 അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകുകയും മറ്റ് 11 പേരെ അധികാദ്ധ്യാപകരായി നിലനിർത്തിയിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) അധികാദ്ധ്യാപകരായി നിലനിർത്തിയിരിക്കുന്നവർക്ക് സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അദ്ധ്യാപകർ നിയമസഭാ സമിതിക്ക് നൽകിയ പരാതിയിന്മേൽ സമിതിയുടെ ശുപാർശ അനുസരിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly